# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കടപ്ര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.ടി.എ.പി4 - 837/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 10/01/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.ടി.എ.പി4 - 837/2021 തീയ്യതി: 10/01/2022

## പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2020 മുതൽ 15-11-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 16-11-2021 | 27-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-11-2021 | 27-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അനിൽകുമാർ സി.,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ. മഹേഷ്കുമാർ കെ.ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഹരികുമാർ എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷിബു വർഗ്ഗീസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. മുകുന്ദൻ വി. | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീ. ശാന്തകുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 23-07-2019 |
| ശ്രീ. ജോയി മോഹൻ | സെക്രട്ടറി | 24-07-2019 | 08-08-2019 |
| ശ്രീ. ജോസ് ഈപ്പൻ | സെക്രട്ടറി | 08-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശാന്തകുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ഓമന കെ.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. റോയി ഐസക്ക് വർഗ്ഗീസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി പുഷ്പകുമാരി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.രമേഷ്കുമാർ കെ.എം. | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രിൻസി പി.സി. | ലേഡി വി.ഇ.ഒ. | 28-12-2019 | 31-03-2020 |
| ശ്രീ. ജൽഫിൻ എ. യോഗി | വി.ഇ.ഒ. | 01-04-2019 | 17-07-2019 |
| ശ്രീമതി ദീപ റ്റി.കെ. | ലേഡി വി.ഇ.ഒ. | 17-07-2019 | 31-03-2020 |
| ഡോ.എൻ.എസ്.സുബിയൻ | വെറ്ററിനറി സർജൻ | 01-04-2019 | 27-02-2020 |
| ഡോ.വിശ്വനാഥൻ | വെറ്ററിനറി സർജൻ | 27-02-2020 | 31-03-2020 |
| ഡോ.കോശി സി പണിക്കർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.ഷാമില | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.ജിസ്സ് മേരി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി. മഞ്ജു എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-01-2020 |
| ശ്രീ. വാവക്കുട്ടൻ | വി.ഇ.ഒ 1 | 01-04-2019 | 27-12-2019 |
| ശ്രീമതി.പ്രിൻസി പി.സി | വി.ഇ.ഒ 1 | 28-12-2019 | 31-03-2020 |
| ശ്രീ. ജൽഫിൻ എ.യോഗി | വി.ഇ.ഒ II | 01-04-2019 | 17-07-2019 |
| ശ്രീമതി ദീപ റ്റി.കെ | ലേഡി വി.ഇ.ഒ | 17-07-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Harikumar.S (Auditor, On 28-11-2021)<br>Last Updated By: Johncy John (Computer Assistant, On 13-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Harikumar.S (Auditor, On 28-11-2021)<br>Last Updated By: Johncy John (Computer Assistant, On 13-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Harikumar.S (Auditor, On 28-11-2021)<br>Last Updated By: Johncy John (Computer Assistant, On 13-12-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Harikumar.S (Auditor, On 28-11-2021)<br>Last Updated By: Johncy John (Computer Assistant, On 06-01-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗത്തിലെ അപാകതകൾ<br>Written By: Harikumar.S (Auditor, On 28-11-2021)<br>Last Updated By: Johncy John (Computer Assistant, On 06-01-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Harikumar.S (Auditor, On 28-11-2021)<br>Last Updated By: Johncy John (Computer Assistant, On 14-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Harikumar.S (Auditor, On 29-11-2021)<br>Last Updated By: Johncy John (Computer Assistant, On 14-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Harikumar.S (Auditor, On 28-11-2021)<br>Last Updated By: Johncy John (Computer Assistant, On 14-12-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Harikumar.S (Auditor, On 28-11-2021)<br>Last Updated By: Johncy John (Computer Assistant, On 14-12-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: C. Anilkumar (Audit Officer, On 29-11-2021)<br>Last Updated By: Johncy John (Computer Assistant, On 06-01-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Harikumar.S (Auditor, On 28-11-2021)<br>Last Updated By: Johncy John (Computer Assistant, On 14-12-2021) | 1-10 |
| 12 | പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Harikumar.S (Auditor, On 29-11-2021)<br>Last Updated By: Johncy John (Computer Assistant, On 06-01-2022) | 1-11 |
| 13 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Harikumar.S (Auditor, On 29-11-2021)<br>Last Updated By: Johncy John (Computer Assistant, On 06-01-2022) | 1-12 |
| 14 | രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു<br>Written By: Harikumar.S (Auditor, On 29-11-2021)<br>Last Updated By: Johncy John (Computer Assistant, On 06-01-2022) | 1-13 |

| | | |
|---|---|---|
| 15 | തൊഴിൽനികുതി ഈടാക്കിയതിൽ വീഴ്ച<br>Written By: Deepa S (Asst. Audit Officer, On 28-11-2021)<br>Last Updated By: Johncy John (Computer Assistant, On 06-01-2022) | 1-14 |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല<br>Written By: Deepa S (Asst. Audit Officer, On 28-11-2021)<br>Last Updated By: Johncy John (Computer Assistant, On 06-01-2022) | 1-15 |
| 17 | ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിച്ചില്ല<br>Written By: C. Anilkumar (Audit Officer, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 06-01-2022) | 1-16 |
| 18 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല<br>Written By: Lekha Janardhanan (Senior Grade Auditor, On 23-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-01-2022) | 1-17 |
| 19 | കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയില്ല<br>Written By: C. Anilkumar (Audit Officer, On 01-12-2021)<br>Last Updated By: Johncy John (Computer Assistant, On 06-01-2022) | 1-18 |
| 20 | പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്നതിന് മുമ്പ് തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിച്ചു<br>Written By: Harikumar.S (Auditor, On 29-11-2021)<br>Last Updated By: Johncy John (Computer Assistant, On 06-01-2022) | 1-19 |
| 21 | നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല<br>Written By: C. Anilkumar (Audit Officer, On 01-12-2021)<br>Last Updated By: Johncy John (Computer Assistant, On 06-01-2022) | 1-20 |
| 22 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 2.27കോടി രൂപ ലാപ്സാക്കി<br>Written By: C. Anilkumar (Audit Officer, On 01-12-2021)<br>Last Updated By: Johncy John (Computer Assistant, On 14-12-2021) | 1-21 |
| 23 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -ഭരണ ചെലവിന്റെ പരിധി ലംഘിച്ചു<br>Written By: K R Maheshkumar (Asst. Audit Officer, On 01-12-2021)<br>Last Updated By: Johncy John (Computer Assistant, On 14-12-2021) | 1-22 |
| 24 | അധികം ചെലവഴിച്ച തുക ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് തിരിച്ചടച്ചു<br>Written By: C. Anilkumar (Audit Officer, On 02-12-2021)<br>Last Updated By: Johncy John (Computer Assistant, On 07-01-2022) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K R Maheshkumar (Asst. Audit Officer, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 14-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |

| | | |
|---|---|---|
| | Written By: K R Maheshkumar (Asst. Audit Officer, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 14-12-2021) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: K R Maheshkumar (Asst. Audit Officer, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 14-12-2021) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: K R Maheshkumar (Asst. Audit Officer, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 14-12-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: K R Maheshkumar (Asst. Audit Officer, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 14-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: K R Maheshkumar (Asst. Audit Officer, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 14-12-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ.<br>Written By: K R Maheshkumar (Asst. Audit Officer, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 14-12-2021) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: K R Maheshkumar (Asst. Audit Officer, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 14-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K R Maheshkumar (Asst. Audit Officer, On 30-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 10-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K R Maheshkumar (Asst. Audit Officer, On 30-11-2021)<br>Last Updated By: Johncy John (Computer Assistant, On 14-12-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20-ലെ ബജറ്റ് 26.2.2019-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 30.3.2020-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക 24.05.2020-ൽ എയിംസിൽ സബ്മിറ്റ് ചെയ്തു. പ്രസ്തുത വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതു പ്രകാരം കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. ഷെഡ്യൂൾ ബി.3.- RP-38 Fixed Assets ഷെഡ്യൂൾ പ്രകാരം സ്ഥിര ആസ്തികൾ സൃഷ്ടിക്കുന്നതിനായി 1621697 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ മുൻവർഷ ബാലൻസ് ഷീറ്റിലെ തുക തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2. ഷെഡ്യൂൾ ബി.4.-

   A. തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളുടെ കണക്കുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

   B. ഷെഡ്യൂൾ ബി.4. പ്രകാരം സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകയിൽ 12290057 രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ ഈയാവശ്യത്തിനുള്ള തുകകൾ സൂക്ഷിക്കുന്നതിനുള്ള ട്രഷറി റ്റി.എസ്.ബി. അക്കൗണ്ടിൽ 10195526 രൂപ മാത്രമേ നീക്കിയിരുപ്പുള്ളു.

3. ഷെഡ്യൂൾ ബി.5.- KURDFC ലോൺ തിരിച്ചടവ് തുക കൃത്യമല്ല. വികസന ഫണ്ടുകൾ അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ലോൺ തിരിച്ചടവായി വരവ് വെച്ചിട്ടില്ല.

4. ഷെഡ്യൂൾ ബി.9.- പഞ്ചായത്ത് നൽകിയിട്ടുള്ളതും, 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചുവടെ കൊടുത്തിരിക്കുന്ന ചെക്കുകൾ ബാലൻസ് ഷീറ്റിൽ “Liability In Respect Of Stale Cheque” എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| ചെക്ക് നം. | തീയതി | തുക |
|---|---|---|
| 415544 | 21.11.2109 | 4981 |
| 415569 | 27.12.2019 | 14900 |

5. ഷെഡ്യൂൾ ബി.11.-

   A. ഓഫീസ് പരിസരത്ത് കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിന് മുൻകൂർ നൽകിയ 250000 രൂപ ഷെഡ്യൂൾ ബി.18-ൽ അഡ്വാൻസായി രേഖപ്പെടുത്തുന്നതിന് പകരം ആസ്തിയായി അക്കൗണ്ട് ചെയ്തു.

   B. 2019-20-ൽ തെരുവുവിളക്കുകൾ വാങ്ങുന്നതിനായി ചെലവഴിച്ചത് 1888557 രൂപ മാത്രമാണ്. എന്നാൽ തെരുവുവിളക്കുകളുടെ ആസ്തി മുൻവർഷ ആസ്തിയിൽ നിന്നും 3110510 രൂപ വർദ്ധിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.

6. ഷെഡ്യൂൾ ബി.11(a).- RP 40 Capital Work In Progress ഷെഡ്യൂൾ പ്രകാരം 8186405 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ ഈയിനത്തിൽ തുകയൊന്നും കാണിച്ചിട്ടില്ല.

7. ഷെഡ്യൂൾ ബി.15.-

   A. റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി (അരിയർ) ഡിമാന്റ് തുക 4059179 രൂപയും കളക്ഷൻ 167449 രൂപയുമാണ്. ബാലൻസ് 3891730 രൂപയ്ക്ക് പകരം 248052 രൂപയാണ് ബാലൻസ് ഷീറ്റിലുള്ളത്.

   B. നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി (അരിയർ) ഡിമാന്റ് തുക 2159127 രൂപയും കളക്ഷൻ 186628 രൂപയുമാണ്. ബാലൻസ് 1972499 രൂപയ്ക്ക് പകരം 77784 രൂപയാണ് ബാലൻസ് ഷീറ്റിലുള്ളത്.

   C."State Govt. Cesses/levies In Property Taxes – Control Account” ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക കൃത്യമല്ല.

8. ഷെഡ്യൂൾ ബി.18.- അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., കോസ്റ്റ് ഫോർഡ് എന്നിവയ്ക്ക് മുൻവർഷങ്ങളിൽ നൽകിയ തുകകൾ ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്നു.

9. ഷെഡ്യൂൾ ഐ.1.-ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് 2759150 രൂപയും കളക്ഷൻ 2740900രൂപയുമാണ് (ആർ.പി.1). ബാലൻസ് തുകയായ 18250രൂപ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.15-ൽ കാണിച്ചിട്ടില്ല.

10. ഷെഡ്യൂൾ ഐ.3- വാടക രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ വാടകയിനത്തിലുള്ള ഡിമാന്റ് 165372രൂപയും കളക്ഷൻ 108114രൂപയുമാണ്. 57258 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ എ.എഫ്.എസ്. പ്രകാരം ഡിമാന്റും കളക്ഷനും 142817 രൂപയാണ്.

11. ഷെഡ്യൂൾ ഐ.6, ഐ.14(d)- വിവിധ ക്ഷേമ പെൻഷനുകൾക്ക് ലഭിച്ചതും വിതരണം ചെയ്തതുമായി ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിരിക്കുന്ന തുകകൾ സേവന സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

12. റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി, സർവ്വീസ് സെസ്സ് എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള ഡി.സി.ബി.യുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22708980 |
| വരവ് | 54284234 |
| ആകെ | 76993214 |
| ചെലവ് | 54515540 |
| നീക്കിയിരിപ്പ് | 22477674 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 300872 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ട്രഷറി ക്യൂബിൽ | നീക്കിയിരിപ്പ്/ലാപ്സായത് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21141000 | 21141000 | 9745106 | 671945 | 10723949 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8340000 | 8340000 | 4534309 | 150000 | 3655691 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 70000 | 70000 | - | - | 70000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7954961 | 7954961 | 3467282 | 117011 | 4370668 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9382000 | 9382000 | 4879953 | 573831 | 3928216 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3251000 | 3251000 | 1740096 | 541872 | 969032 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ലൈബ്രറി സെസ്സ് | 11640 | 11640 | 23280 | – | – | 23280 |
| ആശ്രയ ചാലഞ്ച് ഫണ്ട് | – | 1003774 | 1003774 | 500000 | – | 503774 |
| ശുചിത്വ മിഷൻ | 3602315 | 132000 | 3734315 | 2241646 | – | 1492669 |
| കേരളോത്സവം | – | 20000 | 20000 | 17500 | – | 2500 |
| ലൈഫ് മിഷൻ(സംസ്ഥാന വിഹിതം) | – | 2300000 | 2300000 | – | – | 2300000 |
| വിമുക്തി | 17700 | – | 17700 | – | | 17700 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| MGNREGS | – | 857777 | 857777 | 39277 | | 818500 |
| ഐ.സി.ഡി.എസ് | 1045988 | 397307 | 1443295 | 195786 | – | 1247509 |
| സമ്പൂർണ്ണ ശുചിത്വം | 478399 | – | 478399 | – | | 478399 |
| പൈക്ക | 2151 | 68060 (67500+560) | 70211 | 67500 | – | 2711 |

## 1-4-1 ഗ്രാന്റ് വിനിയോഗത്തിലെ അപാകതകൾ

A. പൊതുവിഭാഗം, എസ്.സി.പി വിഭാഗം വികസന ഫണ്ടുകളുടെ രണ്ടും മൂന്നും ഗഡുക്കളിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി. ലോൺ തിരിച്ചടവ് തുക സ്രോതസ്സിൽ കുറവ് ചെയ്തിരുന്നു. സർക്കാർ ഉത്തരവ് പ്രകാരമുള്ള ആകെ അലോട്ട്മെന്റ് തുക വരവായി എടുക്കുന്നതിന് പകരം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിനു ശേഷം അനുവദിച്ച തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി എടുത്തിട്ടുള്ളത്. സ്രോതസ്സിൽ കുറവ് ചെയ്ത തുകയ്ക്ക് സുലേഖ സോഫ്റ്റ്‌വെയറിൽ ജി.ഒ. പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല. സുലേഖ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ചെലവാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത്. തൻമൂലം വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി എന്നിവയുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് എന്നിവ കൃത്യമല്ല. റ്റി.എസ്.പി.ഫണ്ടിന്റെ മൂന്നാം ഗഡു അലോട്ട്മെന്റ് വരവായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | യഥാർത്ഥ അലോട്ട്മെന്റ് | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക (KURDFC ലോൺ തിരിച്ചടവ്) | അനുവദിച്ച തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 21141000 | 735294 | 20405706 | 20405706 |
| വികസന ഫണ്ട്-എസ്.സി.പി. | 8340000 | 58824 | 8281176 | 8281176 |
| വികസന ഫണ്ട്-റ്റി.എസ്.പി. | 70000 | – | 70000 | 46600 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസന ഫണ്ട് വരവ്, ചെലവ് എന്നിവയുടെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വരവ് | ചെലവ് |
|---|---|---|

| | അലോട്ട്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥ ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 21141000 | 20405706 | 9745106 | 9009812 |
| വികസനഫണ്ട്-എസ്.സി.പി. | 8340000 | 8281176 | 4534309 | 4475485 |

B. അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലമിനത്തിൽ പ്രാദേശിക സർക്കാർ വിഹിതമായി 350400 രൂപ വീതം പൊതു വിഭാഗം വികസന ഫണ്ടിന്റെ ഒന്നും, രണ്ടും, മൂന്നും ഗഡുക്കളിൽ നിന്നും 2235-02-102-05 എന്ന കണക്ക് ശീർഷകത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്നും ആയത് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിനുശേഷം മാത്രമേ അവശേഷിക്കുന്ന വികസന ഫണ്ട് പിൻവലിക്കാൻ പ്രാദേശിക സർക്കാരുകളെ അനുവദിക്കുകയുള്ളുവെന്നും ഇതിനനുസൃതമായി ഡി.ഡി.ഒ.മാർ ഒരു സാക്ഷ്യപത്രം ബില്ലിനോടൊപ്പം ഹാജരാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ ഈയിനത്തിലുള്ള ഒരു ഗഡു (350400രൂപ) മാത്രമാണ് ബന്ധപ്പെട്ട ശീർഷകത്തിലേക്ക് ജി.ഒ. പ്രോജക്ട് വെച്ച് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. 700800രൂപ (2x350400) ട്രാൻഫർ ക്രെഡിറ്റ് ചെയ്യാതെ അവശേഷിച്ച വികസന ഫണ്ട് പിൻവലിച്ച് മറ്റു പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായ നടപടിയാണ് പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളത്.

C. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വരവ്, നീക്കിയിരുപ്പ് തുകകൾ കൃത്യമല്ല. ആയത് വാർഷിക കണക്ക് പ്രകാരമുള്ള ഈയിനത്തിലെ വരവ്, നീക്കിയിരുപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

A. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 186 | 88507168 | 81 | 32398815 | 105 | 36.60 |

B. വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവു വിവരങ്ങളും

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ഉൽപ്പാദന മേഖല | 15027991 | 3301071 | 22 |
| സേവന മേഖല | 40323142 | 17801300 | 44.15 |
| പശ്ചാത്തല മേഖല | 33156035 | 11296444 | 34 |
| ആകെ | 88507168 | 32398815 | |

C. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| ക്രമ.നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 3 | 4314800 | 1275280 | 29.55 |
| 2 | വെറ്ററിനറി സർജൻ | 12 | 8 | 8564191 | 1625791 | 19 |
| 3 | മെഡിക്കൽ ഓഫീസർ | 4 | 4 | 957790 | 744211 | 77.70 |

| | | | | | | |
|---|---|---|---|---|---|---|
| | (പി.എച്ച്.സി.) | | | | | |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 50000 | 50000 | 100 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 600000 | 600000 | 100 |
| 6 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 0 | 1299000 | - | 0 |
| 7 | വി.ഇ.ഒ. | 13 | 12 | 13905773 | 7848785 | 56.44 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 8 | 4564871 | 3629273 | 79.50 |
| 9 | സെക്രട്ടറി | 19 | 7 | 12956420 | 5944253 | 45.88 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 106 | 28 | 37106323 | 8035013 | 21.65 |
| 11 | ഹെഡ് മാസ്റ്റർ | 4 | 2 | 2018000 | 1018224 | 50.46 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 2170000 | 1627985 | 75 |
| | | 186 | 81 | 88507168 | 32398815 | |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 857777 | 857777 | 946240 | -88463 (തനത് ഫണ്ടിലേക്ക് റീച്ചുപ്പ് ചെയ്യേണ്ട തുക) |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 9328000 | 9328000 | 9328000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1486 | 12725700 |
| വിധവാ പെൻഷൻ | 404 | 4477200 |
| കർഷക തൊഴിലാളി പെൻഷൻ | 305 | 2532000 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 193 | 1627800 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 29 | 242400 |

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 4 | ആരും വാങ്ങിയില്ല |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2021-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1729 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എല്ലാ ബാങ്ക് അക്കൗണ്ടുകളും മാസാവസാനം റിക്കൺസിലിയേഷൻ നടത്തുന്നുണ്ട്. ഡേ ബുക്ക്, ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. തനത് ഫണ്ട് വൗച്ചറുകളും ബിൽ രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്. എന്നാൽ മറ്റ് രജിസ്റ്ററുകളുടെ പരിപാലനത്തിൽ കുറച്ച് കൂടി ശ്രദ്ധ പുലർത്തേണ്ടതായുണ്ട്. തെരുവു വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി കളക്ഷൻ രജിസ്റ്ററിൽ രണ്ടാം അർദ്ധ വർഷത്തിലെ കളക്ഷൻ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവയിൽ അഡ്വാൻസ് കളക്ഷന്റെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വിവിധ ഇനം വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനത്തിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ്, അഡ്വാൻസ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ റോഡുകളുടേയും കെട്ടിടങ്ങളുടേയും വിവരങ്ങൾ 2018-19 വരെയുള്ളത് മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. നാളിതുവരെ ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്. അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചമയ്ക്കുന്ന കരാർ ഉടമ്പടിയിൽ കരാർ കാലാവധി സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തുന്നില്ല. കരാർ കാലാവധി ലംഘിക്കുന്ന കരാറുകാർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെങ്കിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. ആയതിന് വേണ്ട നിർദ്ദേശം ഭരണ സമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.10.2016 – 14.11.2016 | 2011-12 മുതൽ 2015-16 വരെ | 22.12.2016 |
| പെർഫോമൻസ് ഓഡിറ്റ് | 16.11.19-19.11.19 | 10/2019 വരെ | - |

## 1-11 പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 1996 പ്രകാരം ലൈസൻസ് ആവശ്യമായ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2019-20 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് |
| 2 | റേഷൻ കടകൾ (10 എണ്ണം) |

| | |
|---|---|
| 3 | ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ (3 എണ്ണം) |
| 4 | അക്ഷയ കേന്ദ്രം, കടപ്ര |

ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് കമ്പനി ലൈസൻസിനായി അപേക്ഷ സമർപ്പിച്ചുവെങ്കിലും അഗ്നിരക്ഷാ വകുപ്പിൽ നിന്നുള്ള എൻ.ഒ.സി. ഹാജരാക്കാത്തതിനാൽ ലൈസൻസ് അനുവദിച്ചിട്ടില്ല. ലൈസൻസ് ഇല്ലാതെയാണ് കമ്പനി പ്രവർത്തിപ്പിച്ചു കൊണ്ടിരിക്കുന്നത്. എൻ.ഒ.സി. ഹാജരാക്കി ലൈസൻസ് എടുക്കുന്നതിന് കമ്പനിയുടെ ഭാഗത്ത് നിന്നും നടപടികൾ ഉണ്ടായിട്ടില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ നിയമപരമായ നടപടികൾ പഞ്ചായത്തും സ്വീകരിച്ചിട്ടില്ല. ദിനംപ്രതി ആയിരക്കണക്കിന് ലിറ്റർ സ്പിരിറ്റ് കൈകാര്യം ചെയ്യുന്ന കമ്പനിയിൽ അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നില്ലായെന്നത് ഗൗരവകരമായ കാര്യമാണ്.

ചട്ടങ്ങളിലെ പട്ടിക 1- ൽ ക്രമ നം.149-ആയി ഉൾപ്പെട്ടിട്ടുള്ള റേഷൻ ഷോപ്പുകൾ പ്രവർത്തിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.) എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണവും പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ കുറവു വന്നിട്ടുണ്ട്. പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-12 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

പരുമല സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, സെന്റ് ഗ്രിഗോറിയോസ് കാർഡിയോ വാസ്കുലാർ സെന്റർ എന്നിവയിൽ നിന്നും ലൈസൻസ് ഫീസായി 4000 രൂപ വീതമാണ് ഈടാക്കിയിട്ടുള്ളത്. പി.സി.ബി. സർട്ടിഫിക്കറ്റ് പ്രകാരം ടി സ്ഥാപനങ്ങളുടെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് 35.20 കോടി രൂപയാണ്. 31.10.2021- ലെ സ.ഉ.(അച്ചടി) നം.80/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകളും പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം 5 കോടി രൂപയിൽ കൂടുതൽ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റുള്ള സർവ്വീസ് സെക്ടറിൽപ്പെട്ട സ്ഥാപനങ്ങൾ ലാർജ്ജ് എന്റർപ്രൈസസ് എന്ന വിഭാഗത്തിൽപ്പെടുന്നവയാണ്. അത്തരം സ്ഥാപനങ്ങളിൽ നിന്നും 15000 രൂപ വരെ ലൈസൻസ് ഫീസായി ഈടാക്കാവുന്നതാണ്. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവുണ്ടായത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/25.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് കൃത്യമായി പരിശോധിച്ച് ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2019-20 സാമ്പത്തിക വർഷം കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ 1997 പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | എസ്.എൻ.ഹോസ്പിറ്റൽ, കടപ്ര |
| 2 | ലക്ഷ്മി ഹോമിയോപതിക്<br>ഡിസ്പെൻസറി |
| 3 | മെഡികെയർ ലബോറട്ടറി, 14/263 |
| 4 | മെഡികെയർ ലബോറട്ടറി, 9/583 |

ഗ്രാമപഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ

സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) – ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. നിയമപ്രകാരമുള്ള രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ, പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8-പ്രകാരം 5000 രൂപ വരെ പിഴ ഈടാക്കാവുന്നതും രജിസ്ട്രേഷൻ നടത്താതെ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500 രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽനികുതി ഈടാക്കിയതിൽ വീഴ്ച

2019-20 സാമ്പത്തികവർഷം തൊഴിൽ നികുതി പിരിവിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. 2019-20 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തു പരിധിയിൽ വിവിധ മരാമത്തുപ്രവത്തികൾ ചെയ്ത താഴെ പറയുന്ന കരാറുകാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| 1 | അനിൽ, ഉഴത്തിൽ ഹൗസ്, പരുമല |
| 2 | മോൻസൻഐസക്ക്, ഭഗവദ്കുഴിയിൽ, നിരണം |
| 3 | എബ്രഹാം വർഗ്ഗീസ്, ഓറയത്ത് പുളിമൂട്ടിൽ, വളഞ്ഞവട്ടം |
| 4 | KM യോഹന്നാൻ, കരിമ്പിൻ പീടികയിൽ, വളഞ്ഞവട്ടം |
| 5 | അനിൽ V വർഗ്ഗീസ്,വലിയപറമ്പിൽ ജോഷ്വ ഗാർഡൻസ്, പെരിങ്ങര |
| 6 | ജിജു എബ്രഹാം, പാലത്തുംമ്പാട്ട്, പരുമല |
| 7 | സനു പി.എസ്, പ്രക്കാട്ടേത്ത്, പരുമല |
| 8 | സബികുമാർ, പുന്നശ്ശേരിൽ ഹൗസ്, ആലപ്പറമ്പിൽ സൗത്ത്, തലവടി |

2) ക്ഷീരസഹകരണസംഘങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽനികുതിയും, സ്ഥാപന തൊഴിൽനികുതിയും ഈടാക്കിയിട്ടില്ല

1. പരുമല ക്ഷീരോല്പാദകസഹകരണസംഘം PT6(D)
2. കടപ്ര ക്ഷീരോല്പാദകസഹകരണസംഘം
3. വളഞ്ഞവട്ടം ക്ഷീരോല്പാദകസഹകരണസംഘം PT128(D)

3) ഗ്രാമപഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന 10 റേഷൻ വ്യാപാരികളിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

മേൽ പരാമർശിക്കപ്പെട്ട തൊഴിൽനികുതി ഈടാക്കിയശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ 2019-20 ലെ വസ്തുനികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | അസസ് ചെയ്ത വസ്തുനികുതി | ലൈബ്രറി സെസ്സ് | സേവന ഉപനികുതി | ആകെ |
|---|---|---|---|---|
| BSNL, വളഞ്ഞവട്ടം | 14610 | 731 | 1461 | 16802 |
| BSNL ഇല്ലിമല | 12175 | 609 | 1218 | 14002 |
| ആകെ | | | | 30804 |

മേൽ സൂചിപ്പിച്ച മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം അന്വേഷിച്ചു കൊണ്ട്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/2019-20dtd 26.11.2021) മറുപടിയായി ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ നികുതി ഈടാക്കുന്നതിന് തിരുവല്ല ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ 1908/2018-ാം നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത കേസ് സംബന്ധിച്ച് തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിച്ചില്ല

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-20017 ലെ സ.ഉ (സാധാ) നമ്പർ . 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കടപ്ര ഗ്രാമ പഞ്ചായത്തിൽ അസി.എഞ്ചിനിയറുടെ പേരിൽ നാളിതുവരെ അക്കൗണ്ട് തുടങ്ങിയിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിൽ മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അസി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2017-18 മുതൽ 2019-20 വരെ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ടെണ്ടർഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്ടുകളുടെ എണ്ണം | ഒടുക്കിയ ടെണ്ടർഫീ |
|---|---|---|
| 2017-18 | 12 | 262360 |
| 2018-19 | 4 | 17600 |
| 2019-20 | 2 | 6812 |
| ആകെ | 18 | 286772 |

2017-18 മുതൽ 19-20 വരെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീയിൽ നാളിതുവരെ ഗ്രാമ പഞ്ചായത്തിന് യാതൊരു തുകയും തിരികെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (03/18-11-21) മറുപടിയിൽ ഇ-ടെണ്ടർ ഫീ സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് അസി. എഞ്ചിനിയർ ലഭ്യമാക്കി. തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീസ് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ടെണ്ടർ ഫീ തിരികെ ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന് കിട്ടാനുള്ള തുകയായി പ്രസ്തുത തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുക ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17 അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല

തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ ഉൾപ്പെട്ട സമിതി പഞ്ചായത്തിലെ അങ്കണവാടികളെ സംബന്ധിച്ച് അവസ്ഥാ വിശകലനം നടത്തിയിട്ടുണ്ടെങ്കിലും അതിനനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഗ്രാമപ്പഞ്ചായതിന്റെ അധീനതയിൽ ആകെയുള്ള 24 അങ്കണവാടികളിൽ 10 എണ്ണത്തിനു സ്വന്തമായി കെട്ടിടമുണ്ട്. എല്ലാ അംഗൻവാടികളിലും ടോയിലറ്റ് സൌകര്യമുണ്ടെങ്കിലും ഒരിടത്ത്പോലും ബേബി ഫ്രണ്ട്ലി ടോയിലറ്റ് ഇല്ല. ആവശ്യത്തിന് ഫർണീച്ചറും ഇല്ല. 4 അംഗൻവാടികൾക്ക് മെയിന്റെനൻസ് ആവശ്യമുണ്ട്. 3 അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം നിർമ്മിച്ചിട്ടില്ല. 4 എണ്ണത്തിന് ചുറ്റുമതിൽ ആവശ്യമുണ്ട്. മേൽ വിഷയത്തിൽ ഉചിതമായ തുടർനടപടി

സ്വീകരിക്കുന്നതിനും, പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സജീവ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-18 കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയില്ല

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ ഏതാനും റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്റെ ജി.എസ്.ടിയും കണക്കാക്കി ഈടാക്കി ഒടുക്ക് വരുത്തിയിട്ടില്ല. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് പായ്ക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയിട്ടുള്ള സാഹചര്യത്തിൽ കരാറുകാരൻ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയായി ബാരലൊന്നിന് 238 രൂപ നിരക്കിലും ആയതിന്റെ ജി.എസ്.ടി 18% നിരക്കിലും കണക്കാക്കി ഈടാക്കുകയാണ് വേണ്ടത്. എന്നാൽ താഴെപ്പറയുന്ന റീടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിനും ബിറ്റുമിൻ എമൽഷനും അനുസൃതമായി കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന ബാരൽ വില @238/E + 18% GST |
|---|---|---|---|
| 1. | കൊട്ടാരത്തിൽ ത്മമ്പിനാൽ കടവ് റോഡ് പുനരുദ്ധാരണം(155/19, 84/20)<br>അടങ്കൽ തുക: 140000 (MG Road)<br>കരാറുകാരൻ : ജിജ്ജു എബ്രഹാം<br>ഫൈനൽ ബിൽ നം./ തീയതി/തുക:<br>1907075201300043977/05-04-19<br>139992/- | 7 | 1666+300= 1966 |
| 2. | കൊട്ടാരത്തിൽപ്പടി മഠത്തിൽപ്പടി റോഡ് റീടാറിംഗ്& ഇന്റർലോക്കിംഗ്(90/19, 130/20)<br>അടങ്കൽ തുക: 300000(MG Road)<br>കരാറുകാരൻ : ബിനോയി.V.P<br>ഫൈനൽ ബിൽ നം./ തീയതി/തുക:<br>19070752013900320855/09-07-19<br>299931/- | 6 | 1428+257= 1685 |
| 3 | പുളിക്കീഴ് പള്ളിപ്പടി ചുങ്കത്ത് മാലി റോഡ് റീടാറിംഗ്(158/19, 135/20)<br>അടങ്കൽ തുക: 200000(MG Road)<br>കരാറുകാരൻ : ജിജ്ജു എബ്രഹാം<br>ഫൈനൽ ബിൽ നം./ തീയതി/തുക:<br>19070752011300320870/09-07-19<br>199937/- | 11 | 2618+471= 3089 |
| 4 | മഹാലക്ഷ്മിനട ചിറയിൽപ്പടി റോഡ് | 30 | 7140+1285 = |

| | | | |
|---|---|---|---|
| | റീടാറിംഗ്(105/18, 111/20)<br>അടങ്കൽ തുക: 600000(MG Road)<br>കരാറുകാരൻ : സാനു.പി.എസ്<br>ഫൈനൽ ബിൽ നം./ തീയതി/തുക:<br>19070752011300320860/09-07-19<br>463940/- | | 8425 |
| 5 | കോട്ടയ്ക്കമാലി റോഡ് പുനരുദ്ധാരണം(104/18, 110/20)<br>അടങ്കൽ തുക: 200000(MG Road)<br>കരാറുകാരൻ : ബിനോയി.V.P<br>ഫൈനൽ ബിൽ നം./ തീയതി/തുക:<br>19070752011300472416/20-08-19<br>163708/- | 9 | 2142+386 = 2528 |
| | ആകെ | 63 | 17693 |

ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി 14994 രൂപ സഞ്ചിത നിധിയിലേക്കും 2699 രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തിയിട്ടില്ലാത്ത വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(13/29-10-21) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ ടാറിന്റെ അധിക വില നൽകുന്നതിന് പ്രൊജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നുവെങ്കിലും ഒരു പ്രവൃത്തിക്കും അധിക വില നൽകിയിരുന്നില്ലെന്നും ഇക്കാരണത്താലാണ് കാലി ബാരലിന്റെ വില ഫൈനൽ ബില്ലിൽ നിന്നും ഈടാക്കാതിരുന്നതെന്നും അറിയിച്ചു. മറുപടി അംഗീകരിക്കുന്നില്ല. ടി നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ എഞ്ചിനിയറിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ് .

## 1-19 പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്നതിന് മുമ്പ് തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിച്ചു

| ക്രമ.നം. | പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | തെരുവ് വിളക്ക് സ്ഥാപിക്കൽ, 7/20 | ധനകാര്യ കമ്മീഷൻ അവാർഡ് | 1886000 | 1886000 |
| | | തനത് ഫണ്ട് | 2560 | 2557 |
| | | ആകെ | 1888560 | 1888557 |

ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിരുന്നു. 26.12.2018-ലാണ് പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക പദ്ധതിയ്ക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചത്. എല്ലാ വാർഡുകളിലും തെരുവ് വിളക്കുകൾ അടിയന്തിരമായി KREWS -ൽ നിന്നും വാങ്ങി സ്ഥാപിക്കുന്നതിനും ചെലവ് തുക 2019 മാർച്ചിനു ശേഷം നൽകുന്നതിനും 10.01.2019-ൽ 1(1) നമ്പരായി കമ്മിറ്റി തീരുമാനമെടുത്തു. ആയതിന്റെ അടിസ്ഥാനത്തിൽ 11.01.2019-ൽ KREWS -ന് പർച്ചേസ് ഓർഡർ നൽകി. 19.01.19-ൽ 500 -ഉം 01.02.2019-ൽ 188-ഉം തെരുവ് വിളക്കുകൾ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. 688 തെരുവ് വിളക്കുകളും 15 വാർഡുകളിലായി സ്ഥാപിച്ചു കഴിഞ്ഞതായി 21.02.2020-ൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ ബജറ്റ് പാസ്സാക്കിയത് 26.02.2019-ലാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ച് പാസ്സാക്കുന്നതിന് മുമ്പ് തന്നെ തെരുവ് വിളക്കുകൾ വാങ്ങുകയും ഇൻസ്റ്റലേഷൻ പൂർത്തിയാക്കുകയും ചെയ്തു. ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്നത് വാർഷിക പദ്ധതിക്കാണ്. പ്രോജക്ടുകളുടെ വിശദമായ പരിശോധന നടത്തി അംഗീകാരം നൽകേണ്ടത് അതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥനാണ്. വാർഷിക പദ്ധതി അംഗീകരിച്ചതിന് ശേഷമാണ് ഈ പ്രക്രിയ നടക്കുന്നത്. തെരുവ് വിളക്കുകൾ

സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് വെറ്റിംഗ് ഓഫീസറായ അസി.എക്സി.എഞ്ചിനീയറുടെ അംഗീകാരം ലഭിച്ചത് 07.06.2019-ൽ മാത്രമാണ്.

സാമ്പത്തിക വർഷം ആരംഭിക്കുന്നതിനും പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്നതിനും മുമ്പ് പദ്ധതി നിർവ്വഹണം നടത്തിയത് ക്രമ വിരുദ്ധമായ നടപടിയാണ്. ഇത്തരത്തിൽ തിടുക്കപ്പെട്ട് വാങ്ങി സ്ഥാപിച്ച തെരുവ് വിളക്കുകളിൽ ഭൂരിപക്ഷവും പ്രവർത്തനരഹിതമായിട്ടുണ്ട്. അടിയന്തിരമായി അവ റിപ്പയർ ചെയ്യുന്നതിന് കമ്മിറ്റി തീരുമാനമെടുത്ത് (12.01.2021-ലെ 2(1)-നമ്പർ തീരുമാനം) നിരവധി തവണ കത്ത് നൽകിയെങ്കിലും നാളിതുവരെ യാതൊരു നടപടിയും KREWS-ന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള(7/23.11.21) മറുപടിയിൽ പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായ ക്രമവിരുദ്ധമായ നടപടികൾ സംബന്ധിച്ച് വിശദീകരിച്ചിട്ടില്ല. വാറന്റി കാലയളവിനുള്ളിൽ തകരാറിലായ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യു നൽകുന്നതിൽ വീഴ്ച്ച വരുത്തുന്ന KREWS- നെതിരെ നിയമ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി നിയമം അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പ്രവൃത്തിമൂല്ല്യത്തിന്റെ ഒരു ശതമാനം തുക നിർമ്മാണ തോഴിലാളി ക്ഷേമ നിധി ഫണ്ട് ആയി ഈടാക്കേണ്ടതാണ്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 3(3) അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന ക്ഷേമ നിധി ഫണ്ടിന്റെ ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ബാക്കിയുള്ള 99% തുക മാത്രം ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയും ചെയ്യേണ്ടതാണ്. അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കടപ്ര ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമ നിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെയാണ് ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് തുക ഒടുക്കിയിട്ടുള്ളത്. ആയതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/11-2021) ലഭ്യമാക്കിയ മറുപടിയിൽ ക്ഷേമ നിധി വിഹിതത്തിൽ നിന്നും ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് ഒടുക്കുന്നത് സംബന്ധിച്ച് നിർദ്ദേശം ലഭിച്ചിട്ടില്ലാത്തതിനാലാണ് തുക അടവാക്കാഞ്ഞതെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. കളക്ഷൻ ചാർജ് ഈടാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-21 പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 2.27കോടി രൂപ ലാപ്സാക്കി

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം 37106323 രൂപ വകയിരുത്തി 106 പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് അംഗീകാരം ലഭിച്ചതിൽ 32 പ്രവൃത്തികൾ സ്പിൽ ഓവറും 74 എണ്ണം തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തിയുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 44എണ്ണം ഭാഗീകമായി/പൂർണ്ണമായി പൂർത്തീകരിച്ചുവെങ്കിലും 28 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളു. 05-02-2020 മുതൽ 30-03-20 വരെ സമർപ്പിച്ച 16 ബിൽ (ട്രഷറി ക്യൂവിൽ ഉൾപ്പെട്ടിട്ടുള്ളത്) തൻ വർഷം മാറി തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 62പ്രവൃത്തികൾ നടപ്പാക്കിയില്ല.

ഏറ്റെടുക്കുന്ന പ്രവൃത്തികൾ പ്രവർത്തന കലണ്ടർ അനുസരിച്ച് സമയബന്ധിതമായി നടപ്പാക്കാതെ സ്പിൽ ഓവറാകുന്ന പ്രവണത ആശാസ്യമല്ല. പശ്ചാത്തല മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് വകയിരുത്തുന്ന തുക, നിർവ്വഹണ ഉദ്യോഗസ്ഥന്റെയും കരാറുകാരുടെയും അനാസ്ഥമൂലം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ചെലവഴിക്കാഞ്ഞതുമൂലം കോടികൾ ലാപ്സാകുന്നു. ഫണ്ട് ലാപ്സാക്കുന്നതിന്റെ വിവരം മുൻവർഷങ്ങളിലെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും ലഭ്യമാക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കാതെ നഷ്ടപ്പെടുത്തുന്നതിന്റെ ഗൗരവം എൽ.എസ്.ജി.ഡി പൊതുമരാമത്ത് വിഭാഗം വേണ്ടത്ര ഉൾക്കൊള്ളുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ആവിഷ്ക്കരിച്ച | അടങ്കൽ | നടപ്പാക്കിയതും തുക | ചെലവഴിച്ചതുക | ട്രഷറി | ലാപ്സായ | ലാപ്സാകാത്ത | ലാപ്സായ |
|---|---|---|---|---|---|---|---|

| പദ്ധതി | തുക | ചെലവഴിച്ചിട്ടുള്ളതുമായ പദ്ധതി | | കൃവിലായബിൽ | ബിൽ തുക | അടങ്കൽ | അടങ്കൽ |
|---|---|---|---|---|---|---|---|
| 106 | 37106323 | 28 | 8035013 | 16 | 3784335 | 6337868 | 18949107 |

സാമ്പത്തിക വർഷാവസാനം സമർപ്പിച്ച ബിൽ കൃവിലായതുമൂലവും പ്രവൃത്തികൾ നടപ്പാക്കാതിരുന്നതിനാലും പശ്ചാത്തല വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ച പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 22733442 രൂപ 2019-20 ൽ ലാപ്സാക്കി. പൊതുമരാമത്ത് പ്രവൃത്തികൾക്കായി വികസന ഫണ്ട് പൊതു വിഭാഗത്തിൽ 7541000 രൂപയും എസ്.സി.പി വിഭാഗത്തിൽ 2375500 രൂപയും തൻവർഷം വകയിരുത്തിയിരുന്നുവെങ്കിലും ഒരു രൂപ പോലും ചെലവഴിച്ചില്ല. മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയും അല്ലാതെയും പദ്ധതി പ്രവർത്തനം നീട്ടിക്കൊണ്ടുപോകുകയും മാർച്ച് അവസാനത്തോടെ പൂർത്തീകരിച്ച് കൂടുതൽ ബില്ലുകൾ സമർപ്പിക്കുകയും ട്രഷറി നിയന്ത്രണം മൂലം കൃവിലാവുകയും തുക ചെലവഴിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. മുൻ വർഷങ്ങളിൽ ഈ അവസ്ഥ റിപ്പോർട്ട് ചെയ്തിട്ടും ആയതിന് പരിഹാര നടപടികൾ ഉണ്ടായിട്ടില്ല. നിർമ്മാണ വേളയിൽ ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിനായി എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം നൽകുന്നതിനുള്ള കാലതാമസവും മോണിട്ടറിംഗ് സമിതിയുടെ മേൽ നോട്ടത്തിലുള്ള അഭാവവും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും കരാറുകാരുടെയും ഭാഗത്ത് നിന്നുള്ള വീഴ്ച്ചയും മൂലം മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ 2.27കോടി രൂപ തൻവർഷം ലാപ്സാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണകുറിപ്പ്(08/24-11-21) നൽകി. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ 2019 ലെ മഴക്കെടുതി മൂലം ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലും വെള്ളക്കെട്ട് ആയിരുന്നെന്നും പുതിയ 23 പദ്ധതികൾക്ക് 2020 ഫെബ്രുവരി മാസത്തിലാണ് DPC അംഗീകാരം ലഭിച്ചതെന്നും കോന്നി നിയമസഭാ മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പും പഞ്ചായത്ത് 2ാം വാർഡിലെ ഉപതെരഞ്ഞെടുപ്പുംമൂലം പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും പ്രവൃത്തികൾ നടപ്പാക്കുന്നതിന് കാലതാമസം വന്നതായും സാങ്കേതിക വിഭാഗത്തിലെ സ്റ്റാഫിന്റെ കുറവും നടത്തിപ്പിനെ സാരമായി ബാധിച്ചുവെന്നും അസി.എഞ്ചിനിയർ അറിയിച്ചു. സാങ്കേതിക വിഭാഗം ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ ഏറെക്കുറെ ശരിയാണെങ്കിലും 2.27കോടി രൂപ നഷ്ടമായെന്നുള്ളത് സ്പഷ്ടമാണ്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതുമല്ല. ഫണ്ട് ലാപ്സാക്കുന്ന പ്രവണത ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

മോണിട്ടറിംഗ് സമിതിയുടെ ശക്തമായ മേൽ നോട്ടത്തിലുള്ള അഭാവവും വികസന സ്റ്റാന്റിംഗ് കമ്മിറ്റി വാർഷിക പദ്ധതി യഥാസമയം വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിലെ പോരായ്മയും കരാറുകാർ സമയ ബന്ധിതമായി പ്രവൃത്തി നടപ്പാക്കാതെ നിർവ്വഹണ ഘട്ടത്തിൽ കാട്ടുന്ന അനാസ്ഥയും സാങ്കേതിക വിഭാഗത്തിലെ സ്റ്റാഫ് പരിമിതമായതും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം അനന്തമായി നീളുന്ന തരത്തിലാക്കി. ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-22 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -ഭരണ ചെലവിന്റെ പരിധി ലംഘിച്ചു

മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 20-09-2017 ലെ 16790/എൻ.ആർ.ഇ.ജി സെൽ 2/10 ാം നം കത്തിലെ നിർദ്ദേശം അനുസരിച്ച് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഭരണ-നിർവ്വഹണ ചെലവുകൾ പദ്ധതി ചെലവിന്റെ 6% എന്ന പരിധി നിലനിർത്തിക്കൊണ്ട് വിവിധ തലങ്ങളിൽ ചെലവഴിക്കാവുന്ന തുക 23-11-2017 ലെ ഡി.ഡി.2/448/2017/ത.സ്വ.ഭ.വ നംമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെലവിനം | നിലവിലുള്ള പരിധി | പുതുക്കിയ പരിധി |
|---|---|---|
| ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ | 4% അധികരിക്കാതെ | } |
| ജില്ലാതലം | 0.5% | } 5% അധികരിക്കാതെ |
| സംസ്ഥാന തലം | 0.25% | 0.25% |
| സോഷ്യൽ ഓഡിറ്റ് | 1% | 0.5% |
| പരിശീലനം | 0.25% | 0.25% |
| ആകെ | 6% | 6% |

ഓരോ ഗ്രാമ പഞ്ചായത്തിലെയും ഭരണ ചെലവ് ബ്ലോക്ക് തലത്തിൽ മോണിട്ടർ ചെയ്യേണ്ടതും ഭരണ ചെലവിനങ്ങൾ 5%

ൽ അധികരിക്കാതെ നിലനിർത്തുന്നതിന് ആവശ്യമായ നടപടികളും നിർദ്ദേശങ്ങളും പ്രോഗ്രാം ഓഫീസർമാർ സ്വീകരിക്കേണ്ടതുമാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

കടപ്ര ഗ്രാമ പഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2019-20 വർഷം 20500000 രൂപ വകയിരുത്തി 191 പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിരുന്നു. 130 പ്രവൃത്തികളിലായി തൻ വർഷം 101.75 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവിന്റെ 5% ആയ 508750 രൂപ മാത്രം ഭരണചെലവായി ചെലവഴിക്കേണ്ടതിന് പകരം 848000 രൂപ (8.33%) തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഭരണചെലവ് അധികമാകുന്ന പക്ഷം പ്രസ്തുത ഗ്രാമ പഞ്ചായത്തിലെ എൻ.ആർ.ഇ.ജി ജീവനക്കാർക്കുള്ള വേതനവും മറ്റ് ആനുകൂല്യങ്ങളും തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണെന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭരണ ചെലവിനത്തിൽ അധികമായി 339250 ചെലവഴിച്ചതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(16/27-11-21) ലഭ്യമാക്കിയ മറുപടിയിൽ തനത് ഫണ്ടിൽ നിന്നും വേതനം ഇനത്തിൽ ചെലവാക്കിയ തുക എൻ. ആർ.ഇ.ജി ഫണ്ടിൽ നിന്നും റീക്കൂപ്പ് ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. പരിധി കഴിഞ്ഞ ഭരണ ചെലവ് തുക എൻ.ആർ.ഇ.ജി ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ള സാഹചര്യത്തിൽ തത്തുല്യമായ തുക തനത് ഫണ്ടിൽ നിന്നും NREGS ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഭരണ ചെലവ് പരിധി ലംഘിക്കാതിരിക്കുവാൻ ബ്ലോക്ക് തലത്തിലുള്ള മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-23 അധികം ചെലവഴിച്ച തുക ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് തിരിച്ചടച്ചു

| | |
|---|---|
| പദ്ധതിയുടെ പേര് | പരുമല പി.എച്ച്.സി കെട്ടിടം നവീകരണം(103/19, 96/20) |
| അടങ്കൽ തുക | 873973(MG NR) |
| കരാറുകാരൻ | K.M യോഹന്നാൻ |
| കരാർ തുക | 754666.40 |
| എം.ബുക്ക് നം | 83/17-18, 26/18-19 |
| പാർട്ട് ബിൽ തുക/ ബിൽ നം/തീയതി | 409214 /- 1807075201130O113572/16-05-18 |
| ഫൈനൽ ബിൽ തുക/ ബിൽ നം/തീയതി | 300872/- 1907075201130004176/5-04-19 |

2017-18 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ മേൽ പ്രവൃത്തിക്ക് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 710086 രൂപ കരാറുകാരനായ ശ്രീ. കെ.എം. യോഹന്നാന് നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിയുടെ അളവ് പുസ്തകം അനുസരിച്ച് ആകെ പ്രവൃത്തിമൂല്യം 700813 രൂപയാണ്. പാർട്ട് ബിൽ ക്രമീകരിച്ചപ്പോൾ വന്ന നോട്ടപ്പിശക് മൂലമാണ് ഇപ്രകാരം 9273 രൂപ അധികം പ്രവർത്തി മൂല്യം കണക്കാക്കിയത്. കരാറുകാരന് നൽകിയതും നികുതിയിനങ്ങളിലുമായി അധികം ചെലവഴിച്ച 9363 രൂപ ഓഡിറ്റ് എൻക്വയറി മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് (18/08-12-2021) ചെലാൻ നം.KL0193951992021M/21-12-2021 പ്രകാരം 3604-00-911-99-00-00 NV എന്ന ഹെഡ്ഡിലേക്ക് തിരിച്ചടച്ചു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്റ്റിന്റെ പേര്/ നമ്പർ | ലഭിച്ച തുക | ചെലവ് തുക |
|---|---|---|---|---|
| അക്കൗണ്ട് പ്രകാരമുള്ള പ്രാരംഭ ബാക്കി - 10840303 | | | | |
| 1 | ബ്ലോക്ക് പഞ്ചായത്ത് | ഭിന്നശേഷി സ്കോളർഷിപ്പ്, 32/19-20 | 1091462 | 118356 |
| 2 | | പാലിന് സബ്സിഡി 4/19-20 | | 300000 |
| 3 | | ലൈഫ് മിഷൻ, ജനറൽ 27/19-20 | | 100000 |
| 4 | | അന്നപൂർണ്ണ, 6/19-20 | | 350000 |
| | ആകെ | | | 868356 |
| 5 | ജില്ലാ പഞ്ചായത്ത് | അങ്കണവാടി പോഷകാഹാരം, 27/19-20 | | 80413 |
| 6 | | ലൈഫ് മിഷൻ, ജനറൽ 27/19-20 | | 438209 |
| 7 | | ലൈഫ് മിഷൻ, SCP 105/19-20 | | 520000 |
| 8 | | ഭിന്നശേഷി സ്കോളർഷിപ്പ്, 32/19-20 | | 200000 |
| | ആകെ | | | 1238622 |
| അക്കൗണ്ട് പ്രകാരമുള്ള നീക്കിബാക്കി- 8733325 | | | | |

സംയുക്ത പദ്ധതികൾക്കു മുൻ വർഷങ്ങളിൽ ലഭിച്ച തുക നിക്ഷേപിക്കുന്നതിന് മാന്നാർ സബ്ട്രഷറിയിൽ ഉണ്ടായിരുന്ന അക്കൗണ്ടിൽ നിന്നും (A/C No:799011400001233) തുക ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. ഈ തുകയിൽ നിന്നുമാണ് തൻവർഷവും ചെലവുകൾ നടത്തിവരുന്നത്. 01.04.2019 ൽ അക്കൗണ്ടിൽ പ്രാരംഭ ബാക്കിയായി 10840303 രൂപ ഉണ്ടായിരുന്നു.

### 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | ഓഫീസ് പരിസരത്ത് കുഴൽക്കിണർ നിർമ്മാണം | 250000 | 0 | 250000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി-HUDCO | 10280105 | 10280105 | 794118 | | 9485987 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2014-15 | 2-7 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി 2014-15 അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2 | 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി 2015-16 അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 3 | 2018-19 | 1-21 | 2019-20 | 1-21 | ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിച്ചത് പൂർത്തിയായില്ല | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു ഫർണ്ണസ് സ്ഥാപിക്കുന്നതിന് തൻവർഷം പ്രൊജക്ട് ഏറ്റെടുത്തിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. |

## 4-8 ചാർജ് സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഈ ഇനത്തിൽ തൻവർഷം വരവില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരുപ്പ് ഉൾപ്പെടെ) | 76993214 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54515540 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി3-590/96, തീയതി. 10-7-1997 | 2 |
| 1997-98 | എൽ.എഫ്.പി.റ്റി.എ.പി4-621/02, തീയതി. 7-02-03/10-04-03 | 1 |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി4-536/03, തീയതി. 11-02-04/30-04-04 | 4 |
| 2001-02 ചെലവ് | എൽ.എഫ്.പി.റ്റി.എ.പി4-474/05, തീയതി. 15-10-05/07-12-05 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി6-850/09, തീയതി. 27-02-10/29-10-11 | 5 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി6-697/10, തീയതി. 2-11-11/05-02-13 | 8 |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി6-698/10, | 8 |

| | | |
|---|---|---|
| | തീയതി. 21-11-11/05-02-13 | |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി7-793/11,<br>തീയതി. 20-12-11/05-02-13 | 5 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി7-793(A)/11,<br>തീയതി. 21-12-11/05-02-13 | 7 |
| 2008-09<br>മുതൽ<br>2011-12<br>വരെ | എൽ.എഫ്.പി.റ്റി.എ. പി11-38/13,<br>തീയതി.23-03-13/27-07-13 | 10 |
| 2012-13<br>&<br>2013-14 | എൽ.എഫ്.പി.റ്റി.എ. പി4-885/14,<br>തീയതി.14-11-14/18-11-14 | 6 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി4/685/16<br>തീയതി. 23.6.2016 | 4 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി4/1383<br>/2016,<br>തീയതി 03.01.2017 | 20 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി-4/915 /17,<br>തീയതി 26.8.17 | 29 |
| 2017-18 | കെ.എസ്.എ.പി.റ്റി.എപി-4/98/19,<br>തീയതി 18/02/2019 | 33 |
| 2018-19 | കെ.എസ്.എ.പി.റ്റി.എപി-4/198/20,<br>തീയതി 15/05/2020 | 41 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്'രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്'രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്